# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ-334 | 14.10.2011-ൽ മറുപടിക്ക്

## കായിക വിദ്യാഭ്യാസം

**ചോദ്യം**

ശ്രീ. എം. ഹംസ
ശ്രീ. കെ. രാധാകൃഷ്ണൻ
ശ്രീ. ബി. സത്യൻ
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

(എ) കായിക വിദ്യാഭ്യാസ സൗകര്യങ്ങൾ വർദ്ധിപ്പിക്കാനുള്ള മുൻ സർക്കാരിന്റെ നടപടികൾ തുടരുന്നുണ്ടോ;

**മറുപടി**

ശ്രീ. കെ. ബി. ഗണേഷ്കുമാർ
(വനവും സ്പോർട്സും
സിനിമയും വകുപ്പുമന്ത്രി)

(എ) കായിക വിദ്യാഭ്യാസ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി മുൻ സർക്കാർ നടപ്പാക്കിയ താഴെപ്പറയുന്ന പദ്ധതികൾ തുടർന്നു വരുന്നു.

1) സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി

കേരളത്തിലെ മുഴുവൻ ജനതയ്ക്കും സമ്പൂർണ്ണ കായികക്ഷമത കൈവരിക്കുക എന്നത് ലക്ഷ്യമാക്കി നടത്തി വരുന്ന ഒരു പദ്ധതിയാണിത്. 5-ാം ക്ലാസ് മുതൽ 12-ാം വരെയുള്ള കുട്ടികളെയാണ് പദ്ധതിയുടെ ആദ്യഘട്ടത്തിൽ ലക്ഷ്യമിട്ടത്. 2009-10-ലെ കായികക്ഷമതാ പരിശോധനയിൽ 5.67% ആൺകുട്ടികളും 2.19% പെൺകുട്ടികളും കായികക്ഷമത കൈവരിച്ചതായിട്ടാണ് കണക്കാക്കിയിട്ടുള്ളത്. 2010-11-ലെ കായികക്ഷമതാ പരിശോധന പൂർത്തിയായിട്ടുണ്ട്.

2) ആരോഗ്യ കായിക വിദ്യാഭ്യാസ പരിപാടി

സംസ്ഥാനത്ത് കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയുടെ ഭാഗമാക്കിയിട്ടുണ്ട്. 1-ാം ക്ലാസ് മുതൽ 12-ാം ക്ലാസ് വരെയുള്ള സിലബസ് കരിക്കുലം കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. ആരോഗ്യ കായിക വിദ്യാഭ്യാസ പദ്ധതി വിജയകരമായി നടത്തുന്നതിനുവേണ്ടിയുള്ള പരിശീലനം എല്ലാ കായിക അദ്ധ്യാപകർക്കും നൽകി വരുന്നു.

3) വിഷൻ ഇന്ത്യ കേരള പദ്ധതി

ഏഷ്യൻ ഫുട്ബോൾ കോൺഫെഡറേഷൻ വിവിധ ഏഷ്യൻ രാജ്യങ്ങളിൽ ഫുട്ബോൾ നിലവാരം ഉയർത്തുന്നതിനായി തയ്യാറാക്കിയിട്ടുള്ള 'വിഷൻ ഏഷ്യ' പദ്ധതി നമ്മുടെ രാജ്യത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി 'വിഷൻ ഇന്ത്യ കേരള' എന്ന പദ്ധതി കേരളത്തിൽ നടപ്പിലാക്കി

(ബി) ഒളിമ്പ്യൻ സുരേഷ്ബാബുവിന്റെ നേതൃത്വത്തിലുള്ള സമിതി സമർപ്പിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടങ്ങളിലാണ്; വിശദമാക്കുമോ; ഇതിൽ സർക്കാർ അംഗീകരിച്ച നിർദ്ദേശങ്ങൾ എന്തൊക്കെയായിരുന്നു?

വരുന്നു. ഏഷ്യൻ ഫുട്ബോൾ കോൺഫെഡറേഷന്റെയും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെയും കേരള ഫുട്ബോൾ അസോസിയേഷന്റെയും ആഭിമുഖ്യത്തിലാണ് പദ്ധതി കേരളത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്;

(ബി) അന്താരാഷ്ട്ര കായിക മേളകളിൽ മെഡൽ നേടുന്നതിന് അത്ലറ്റുകളെ പ്രാപ്തരാക്കും വിധം ഒരു എലൈറ്റ് അത്ലറ്റിക് ട്രെയിനിംഗ് സെന്റർ (ഇ.എ.റ്റി.സി.) സ്ഥാപിക്കുന്നത് സംബന്ധിച്ച് ഒരു പ്രോജക്ട് റിപ്പോർട്ട് ഒളിമ്പ്യൻ സുരേഷ്ബാബുവിന്റെ നേതൃത്വത്തിലുള്ള സമിതി സമർപ്പിച്ചിട്ടുണ്ട്. 'ടി' പദ്ധതി ആരംഭിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ